പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2844 **28-10-2026-ൽ മറുപടിയ്ക്ക്**

ചോമ്പാൽ ഹാർബറിന്റെ നവീകരണ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) വടകര നിയോജക മണ്ഡലത്തിലെ ചോമ്പാൽ ഹാർബറിൽ ഏറ്റവും ഒടുവിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നതെന്നാണെന്നും എന്തൊക്കെ പ്രവൃത്തികളാണ് അന്ന് നടപ്പാക്കിയതെന്നും വ്യക്തമാക്കുമോ;

മറുപടി: ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിൽ RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ഫിംഗർ ജെട്ടിയുടെ നിർമ്മാണം 2021-ൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയാണ് തുറമുഖത്തിൽ ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച നവീകരണ പ്രവൃത്തി.

(ബി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പ്രസ്തുത ഹാർബറിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി ചെലവഴിച്ച ആകെ തുക എത്രയാണെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

മറുപടി: 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പ്രസ്തുത ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിൽ ആകെ 1064.417 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(സി) ഹാർബറുകളിൽ സാധാരണയായി എത്ര വർഷം കൂടുമ്പോഴാണ് ഡ്രെഡ്ജിംഗ് നടത്താറുള്ളതെന്നും ചോമ്പാൽ ഹാർബറിൽ ഏറ്റവും ഒടുവിൽ ഡ്രെഡ്ജിംഗ് നടത്തിയതെന്നാണെന്നും വ്യക്തമാക്കുമോ;

മറുപടി: ഹാർബറുകളിൽ മണൽ അടിഞ്ഞു കൂടുന്ന തോത്, നിലവിലെ ആഴം, മൺസൂൺ കാലത്തെ മാറ്റങ്ങൾ, ബോട്ടുകളുടെ സുരക്ഷിതമായ സഞ്ചാരത്തിന് ആവശ്യമായ ആഴം എന്നിവയെ ആശ്രയിച്ചാണ് ഡ്രെഡ്ജിംഗ് കാലയളവ് നിശ്ചയിക്കുന്നത്. ചോമ്പാൽ ഹാർബറിൽ ഏറ്റവും ഒടുവിൽ 2021 -ലാണ് ഡ്രെഡ്ജിംഗ് നടന്നത്.

(ഡി) എങ്കിൽ ചോമ്പാൽ ഹാർബറിൽ അടിയന്തരമായി ഡ്രെഡ്ജിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിലെ നാവിഗേഷൻ ചാനലിന്റെയും ബേസിന്റെയും ആവശ്യമായ ആഴം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ

ഉൾപ്പെടുത്തി ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള 486 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നു. തുടർന്ന്, 04/12/2025-ന് നടന്ന SLAMC (സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിങ് കമ്മിറ്റി) യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ ശിപാർശ ചെയ്ത് 19-01-2026 തീയതിയിൽ അംഗീകാരത്തിനായി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB)-ക്ക് സമർപ്പിച്ചിരുന്നു. 20-02-2026-ൽ നടന്ന PMMSY പ്രൊജക്ട് അപ്രൈസൽ കമ്മിറ്റി യോഗം പ്രസ്തുത പ്രൊപ്പോസൽ ശിപാർശ ചെയ്ത് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ കേന്ദ്ര സർക്കാരിൽ നിന്ന് തുടർ അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

വർഷം	പ്രവൃത്തിയുടെ പേര്		തുക ലക്ഷത്തിൽ
2016	മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തന നടത്തിപ്പും പരിപാലനവും	2016-2017 വർഷത്തെ വാർഷിക പരിപാലന പ്രവൃത്തികൾ	6.00
2017	തീരദേശ റോഡുകളുടെ നവീകരണം	വടക്കുഭാഗത്തെ ജെട്ടിയിലേക്കുള്ള ഇന്റേണൽ റോഡ് റീസർഫേസിംഗ് നടത്തി തെക്കുഭാഗവുമായി ബന്ധിപ്പിക്കൽ	26.90
		ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിലേക്കുള്ള അപ്രോച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾ	17.60
	ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആധുനികവൽക്കരണം, ഗവേഷണം, വികസനം	ചോമ്പാലിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ (HED) ഘടനകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും - 2017	8.20
	മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലന ഡ്രെഡ്ജിംഗും	ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിലെ ടോയ്‌ലെറ്റ് ബ്ലോക്കിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ	3.20
		ബേസിൻ, അപ്രോച്ച് ചാനൽ എന്നിവിടങ്ങളിലെ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യൽ	50.00
		നിലവിലുള്ള ലോ-ലെവൽ ജെട്ടിയുടെ ശേഷിക്കുന്ന ഭാഗം നിരപ്പാക്കി കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അറ്റകുറ്റപ്പണികൾ	15.00
		ലോ-ലെവൽ ജെട്ടിയിൽനിന്ന് വടക്കുഭാഗത്തെ ബ്രേക്ക്‌വാട്ടറിലേക്കുള്ള നിലവിലുള്ള റോഡിന്റെ വശസംരക്ഷണം - ഒന്നാം ഘട്ടം	15.00
		കുറിയാടിയിലെ ഫിഷ് ലോഡിംഗ് സെന്ററിലെ ലേല ഹാളിന്റെ അറ്റകുറ്റപ്പണികൾ	15.00
		ചോമ്പാൽ ഓഫീസ് പരിസരത്തെ ചുറ്റുമതിൽ പുനർനിർമിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ	12.00

		വിശ്രമമുറി നിർമ്മാണം	15.00
	മത്സ്യബന്ധന ഇറമുഖങ്ങളുടെ പ്രവർത്തന നടത്തിപ്പും പരിപാലനവും	മത്സ്യബന്ധന ഇറമുഖത്തെ ലേല ഹാളിന്റെ വടക്കുഭാഗത്തെ യാർഡ് കോൺക്രീറ്റ് ചെയ്യൽ	8.00
		ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്തിന്റെ പതിവ് പരിപാലനം – 2017-18	6.00
2018	RKVY	ബെർത്തിംഗ് (ഫിംഗർ) ജെട്ടിയുടെ നിർമ്മാണം	408.447
	ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആധുനികവൽക്കരണം, ഗവേഷണം, വികസനം	ചോമ്പാലിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ (MRD)	5.00
		ചോമ്പാലിലെ ലോ-ലെവൽ ജെട്ടിയുടെ വിപുലീകരണം – (MRD)	74.50
	മത്സ്യബന്ധന ഇറമുഖങ്ങളുടെ പ്രവർത്തന നടത്തിപ്പും പരിപാലനവും	ലോ-ലെവൽ ജെട്ടിയിൽനിന്ന് വടക്ക് ഭാഗത്തെ ബ്രേക്ക്വാട്ടറിലേക്കുള്ള നിലവിലുള്ള റോഡിന്റെ വശസംരക്ഷണം -രണ്ടാം ഘട്ടം	6.00
		ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്തിന്റെ പതിവ് പരിപാലനം – 2018-19	6.00
2019	മത്സ്യബന്ധന ഇറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലന ഡ്രെഡ്ജിംഗും	ചോമ്പാൽ ബേസിനിൽ നിന്നും അപ്രോച്ച് ചാനലിൽ നിന്നും അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യൽ	100.40
	തീരദേശ റോഡുകളുടെ നവീകരണം	ചോമ്പാൽ അപ്രോച്ച് റോഡ് വീതികൂട്ടലും ചെയിനേജ് 900 മുതൽ 950 വരെ വശസംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണവും	107.00
	മത്സ്യബന്ധന ഇറമുഖങ്ങളുടെ പ്രവർത്തന നടത്തിപ്പും പരിപാലനവും	ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്തിന്റെ പ്രവേശന യാർഡ് കോൺക്രീറ്റ് ചെയ്യൽ	21.00
		ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്തിന്റെ പതിവ് പരിപാലനം – 2019-20	5.97
2021	മത്സ്യബന്ധന ഇറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാല	ഡ്രെയിനേജ് സംവിധാനത്തിന്റെ പ്രത്യേക അറ്റകുറ്റപ്പണിയും കവർ സ്ലാബ്	10.40

	ഡ്രെഡ്ജിംഗ്രം	സ്ഥാപിക്കല്യം	
2022	മത്സ്യബന്ധന ഇറമുഖങ്ങളുടെ പ്രവർത്തന നടത്തിപ്പും പരിപാലനവും — ഫിഷറീസ്/മറൈൻ ഫിഷറീസ്	ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്തിന്റെ പതിവ് അറ്റകുറ്റപ്പണികൾ (2022-23)	5.00
2023	മത്സ്യബന്ധന ഇറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലന ഡ്രെഡ്ജിംഗ്രം	ചോമ്പാൽ മത്സ്യബന്ധന ഇറമുഖ ഘടനകളുടെ പരിപാലനം — 2023-24	10.00
2024	മത്സ്യബന്ധന ഇറമുഖങ്ങളുടെ പ്രവർത്തന നടത്തിപ്പും പരിപാലനവും — ഫിഷറീസ്/മറൈൻ ഫിഷറീസ്	ചോമ്പാൽ ഇറമുഖത്തിന്റെ പരിപാലനവും അറ്റകുറ്റപ്പണിയും — 2024-25	10.00
	മത്സ്യബന്ധന ഇറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലന ഡ്രെഡ്ജിംഗ്രം	ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്തിലേക്കുള്ള അപ്രോച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾ	56.40
2025	മത്സ്യബന്ധന ഇറമുഖങ്ങളുടെ പ്രവർത്തന നടത്തിപ്പും പരിപാലനവും — ഫിഷറീസ്/മറൈൻ ഫിഷറീസ്	ചോമ്പാൽ ഇറമുഖത്തിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും	2.40
		ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്തിന്റെ പരിപാലനം — 2025-26 (പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു)	5.00
	തീരദേശ അടിസ്ഥാനസൗകര്യങ്ങളുടെ വിപുലീകരണം	ചോമ്പാൽ മത്സ്യബന്ധന ഇറമുഖത്ത് ലോക്കർ മുറി നിർമ്മാണം (പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു)	30.00
2026	മത്സ്യബന്ധന ഇറമുഖങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും ഡ്രെഡ്ജിംഗ്രം	ചോമ്പാൽ ഇറമുഖത്തിലെ അറ്റകുറ്റപ്പണികൾ — 2025-26 (പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.)	3.000